**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 438** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവല്ല പമ്പ ഷുഗർ ഫാക്ടറിയുടെ സ്ഥലത്ത് ഐടി പാർക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

**(എ)** തിരുവല്ല നിയോജക മണ്ഡലത്തിൽ പ്രവർത്തനം നിലച്ച പമ്പ ഷുഗർ ഫാക്ടറിയുടെ സ്ഥലത്ത് ഐടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു.

**(ബി)** പ്രസ്തുത ഭൂമിയുടെ നിലവിലെ ഉടമസ്ഥത, ഉപയോഗാവകാശം, നിയമപരമായ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കടപ്ര വില്ലേജിൽ ബ്ലോക്ക് 3 ൽ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനത്തിന്റെ പരിസരത്ത് വിവിധ സർവ്വേ നമ്പരുകളിലായി കിടക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമി വിവിധ സ്ഥാപനങ്ങൾക്കായി നൽകിയതും ശേഷിക്കുന്നതുമായവയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. ടി ലിസ്റ്റിൽ സർക്കാർ പുറമ്പോക്ക് എന്ന് കാണിച്ചിട്ടുള്ള സ്ഥലം Low lying land' എന്ന വിഭാഗത്തിലുള്ളതും താഴ്ന്ന ചതുപ്പ് പ്രദേശവുമാണ്.

**(സി)** യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഐടി പാർക്ക്, സ്റ്റാർട്ടപ്പ് ഹബ്, ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു.

**(ഡി)** ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് വിശദമായ സാധ്യതാപഠനം (Feasibility Study) നടത്താൻ തയ്യാറാകുമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

| സർവ്വേ നമ്പർ | ബി.റ്റി.ആർ വിസ്തൂർണ്ണം | അളവ് പ്രകാരമുള്ള വിസ്തീർണ്ണം | സർവ്വേപ്രകാരം നിലവിലെ ഉടമസ്ഥത/ ഉപയോഗാവകാശം വിസ്തീർണ്ണം എന്നിവ | |
|---|---|---|---|---|
| | | | പേരുവിവരം | വിസ്തീർണ്ണം |
| 62 | 23.8000H | 22.0642H | ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് | 13.8802H |
| | | | കേരള വാട്ടർ അതോറിറ്റി | 0.8094H |
| | | | കേരള വാട്ടർ അതോറിറ്റിയ്ക്ക് അധികമായി കൈവശം ഉള്ള സ്ഥലം | 0.1638H |
| | | | എക്സൈസ് വകുപ്പ് | 0.2428H |
| | | | സീറോ ലാൻഡ് ലെസ് പദ്ധതി | 2.6880H |
| | | | സർക്കാർ പുറമ്പോക്ക് | 4.2300H |
| | | | പട്ടയം കൊടുത്തത് | 0.0500H |
| 71/2 | 0.1170H | 0.1170H | സർക്കാർ പുറമ്പോക്ക് | 0.1170H |
| 79 | 3.0660H | 3.0660H | റോഡിനു പോയത് | 0.0843H |
| | | | പഞ്ചായത്ത് മാർക്കറ്റ് | 0.0608H |
| | | | അനധികൃത കൈയ്യേറ്റം | 0.0058H |
| | | | പുളിക്കീഴ് പോലീസ് സ്റ്റേഷൻ | 0.3035H |
| | | | ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് | 2.3951H |
| | | | പട്ടയം കൊടുത്തത് | 0.2165H |
| 84/8 | 0.0120H | 0.0120H | പാട്ടത്തിന് കൊടുത്തത് | 0.0120H |
| 85/1 | 02.2250H | 02.2250H | ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് | 01.7460H |
| | | | കെ.എസ്.ഇ.ബി | 0.4790H |
| 86/4 | 01.8240H | 01.8240H | സർക്കാർ പുറമ്പോക്ക് | 01.7927H |
| | | | വില്ലേജ് ഓഫീസ് | 0.0313H |
| 248/1 | | 1.9240H | സെൻട്രൽ യൂണിവേഴ്സിറ്റി | 03.8803H |
| 248/2 | | 0.0551H | | |